بسم الله الرحمن الرحيم

*In The Name of Allah The Most Gracious The Ever Merciful*

# മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് H.A (സീനിയർ മുബല്ലിഗ് അഹ്മദീയ്യ മുസ്ലീം ജമാഅത്ത് കേരളാ) നെ മുബാഹലയ്ക്ക് ക്ഷണിക്കുന്നു

## (11.03.2011 ലെ ജുംആ ഖുത്തുബയിലൂടെ ഹസ്രത്ത് ഖലീഫത്തുല്ല അൽ മസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം നടത്തിയ മുബാഹലാ ആഹ്വാനം)

ഈ വിനീതന്റെ മേൽ സാമ്പത്തിക കുറ്റം ആരോപിച്ച് തെറ്റായ, വ്യാജമായ വാർത്തകൾ പരത്തുന്ന ഒരാളെ പറ്റി എനിക്ക് വിശ്വസനീയമായ വാർത്ത ലഭിച്ചിരിക്കുന്നു. അത് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് അല്ലാതെ മറ്റാരുമല്ല. (അദ്ദേഹം കേരളാ അഹ്മദിയ്യാ വിഭാഗത്തിന്റെ സീനിയർ മുബല്ലിഗ് ആണ്.
ഈ വ്യാജ വാർത്ത പ്രചരിപ്പിക്കുന്നതിൽ ഒന്നാമൻ അദ്ദേഹം തന്നെയാണ്. അധികം താമസിക്കാതെ തന്നെ അദ്ദേഹം നടത്തുന്ന ഈ മോശമായ കള്ള പ്രചരണത്തിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. ഇൻശാ അല്ലാഹ്.
ഈ വിനീതന്റെ മേൽ കള്ളാരോപണങ്ങൾ വ്യാപിപ്പിക്കുക മാത്രമല്ല അദ്ദേഹം ദൈവം ചമഞ്ഞ് കളിക്കുകയുമാണ്. അദ്ദേഹം പറയുന്നു " ഒരാൾ മരിക്കാൻ കാരണം മരിച്ച ആളിന്റെ പിതാവ് അഹ്മദിയ്യ ഖിലാഫത്തിനോട് അനുസരണക്കേട് കാട്ടിയതുകൊണ്ടും മരണപ്പെട്ട ആളിന്റെ പിതാവ് ഈ നൂറ്റാണ്ടിലെ ദൈവദൂതനെ സ്വീകരിച്ചതുകൊണ്ടുമാണ് ." എന്ന്. (അങ്ങനെ സംഭവിക്കാതിരിക്കട്ടെ) ഈ പറയപ്പെട്ട മൗലാനയുടെ അഭിപ്രായത്തിൽ പിതാവ് തെറ്റു ചെയ്യുന്നു; ശിക്ഷ അനുഭവിക്കുന്നത് മകനും. ഇപ്പോൾ അദ്ദേഹം പ്രചരിപ്പിക്കുന്നത് അതായത് ഈ വിനീത ദൂതന്റെ അനുയായികളുടെ മക്കളും അപ്രകാരം മരിക്കുന്നതാണ്. എന്ന്. അതിനാൽ ഓരോ അഹ്മദിയ്യും ജാഗ്രതയിലായിരിക്കണം. ഇതാണ് ഈ മൗലാനയുടെ പ്രചരണം. ജമാഅത്ത് സഹീഹിൽ ഇസ്ലാം കേരളാ അമീർ സാഹിബിന്റെ മകൻ **ഫൗസ് ജമാൽ** 2007 നവംബർ 21 –ാം തീയതി മരണപ്പെട്ടു. അദ്ദേഹം അല്ലാഹുവിന്റെ വിനീത ദൂതൻ മുനീർ അഹ്മദ് അസീം 15–ാം നൂറ്റാണ്ടിൽ ആഗതനായിരിക്കുന്നു എന്ന വാർത്ത അറിഞ്ഞിരുന്നില്ല. അദ്ദേഹം വളരെ നല്ല ഒരു അഹ്മദി ആയിരുന്നു. 25–ാം മത്തെ വയസ്സിൽ അദ്ദേഹത്തെ കേരളാ അഹ്മദിയ്യാ മുസ്ലീം ജമാഅത്തിലെ യുവജന വിഭാഗമായ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും വളരെ നല്ല സേവനം അർപ്പിക്കുകയും ചെയ്ത മാന്യ വ്യക്തി ആയിരുന്നു. അദ്ദേഹം മരണപ്പെട്ടപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഖബർസ്ഥാനിൽ ഖബറടക്കപ്പെടുകയും കേരളത്തിൽ അങ്ങോളം ഇങ്ങോളമുള്ള അഹ്മദികൾ ജനാസ നമസ്ക്കാരത്തിൽ പങ്കെടുക്കുകയും ഉണ്ടായി. അതുപോലെ അഹ്മദിയ്യാ ജമാഅത്തിന്റെ 5–ാം ഖലീഫ ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് അനുശോചന സന്ദേശം അറിയിക്കുകയും ഉണ്ടായി. ഇപ്പോൾ ഈ മൗലാന പറയുന്നത് ഈ യുവാവ് മരണപ്പെടാൻ കാരണം ജമാഅത്ത് സഹീഹിൽ ഇസ്ലാം കേരളാ അമീറിന്റെ മേൽ ആരോപിക്കപ്പെട്ട മോശമായ പെരുമാറ്റത്തിനുള്ള അല്ലാഹുവിന്റഎ ശിക്ഷയാണ്. എന്ന്. നമ്മുടെ കേരളാ ജമാഅത്തിന്റെ സജീവ പ്രവർത്തകനായ ഒരു വ്യക്തിക്കും ഈ മൗലാന മുന്നറിയിപ്പു നൽകിയിരിക്കുകയാണ്, അതായത് നിങ്ങൾ സൂക്ഷിച്ചില്ലെങ്കിൽ നിങ്ങളുടെ മകനും നിങ്ങൾക്ക് നഷ്ടമാകും.

2007 നവംബർ 21 ന് **ഫൗസ് ജമാലിന്റെ** മയ്യത്ത് നമസ്ക്കാരവും പ്രാർത്ഥനകളും നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണല്ലോ. ആ സമയത്ത് അതൊരു സാധാരണ മരണമായിരുന്നുവോ ? അതോ ശപിക്കപ്പെട്ട മരണമായിരുന്നോ ? ഒരു ശപിക്കപ്പെട്ട മരണമായിരുന്നെങ്കിൽ (അങ്ങനെ സംഭവിക്കാതിരിക്കട്ടെ) എന്തുകൊണ്ട് അഹ്മദിയ്യാ പ്രസ്ഥാനവും അതിന്റെ ഖലീഫയും അതിനു നേതൃത്വം നൽകി ?ഈ പറയപ്പെട്ട മൗലാനയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. അതായത് 2007 മുതൽ സെപ്തംബർ 2010 വരെ ഈ പറയപ്പെട്ട ആളുകൾ ഈ നൂറ്റാണ്ടിലെ ഈ വിനീതനെ തിരിച്ചറിയുകയോ അംഗീകരിക്കുകയോ ചെയ്തട്ടില്ല. എന്നിരിക്കെ ഈ മരണം ഒരു ശാപ മരണമാണെന്ന് നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയുന്നു ?നിങ്ങൾ അല്ലാഹുവിന്റെ അടുക്കലേയ്ക്ക് പോയോ? ഈ യുവാവിന്റെ മരണത്തെ സംബന്ധിച്ചുള്ള വിധി പ്രസ്താപം കണ്ടുവോ ? അതോ അർത്ഥശൂന്യമായ വാക്കുകൾ ജൽപിക്കുന്ന തികഞ്ഞ ബുദ്ധി ശൂന്യൻ എന്ന നിലയിൽ കളിക്കുകയാണോ ? 2007 ൽ നിങ്ങളുടെ അഭിപ്രായ പ്രകാരം ഒരു ശപിക്കപ്പെട്ട മരണമാണ് ഈ യുവാവിന് ലഭിച്ചതെങ്കിൽ, അഹ്മദിയ്യാ സംഘത്തിൽ മരണപ്പെട്ടാൽ, ഒരു ന്യായ വാദം എന്ന നിലയിൽ ചോദിക്കുകയാണ്.

അഹ്മദിയ്യ വിഭാഗത്തിലെ 5–ാം ഖലീഫ ഒരു ദൈവീക ഖലീഫ അല്ല എന്ന് നിങ്ങൾ സ്വയം സമ്മതിക്കുകയാണ്; അതായത് അല്ലാഹു നിശ്ചയിച്ച ഖലീഫ അല്ല ; വാസ്തവത്തിൽ അദ്ദേഹത്തെ ആളുകൾ തെരഞ്ഞെടുത്തതാണ്. എന്റെ അഭിപ്രായത്തിൽ, നിങ്ങൾ നിങ്ങളുടെ ഖലീഫയ്ക്ക് എതിരു പ്രവർത്തിക്കുന്നു. നിങ്ങളുടെ ഖലീഫയെക്കാൾ നിങ്ങൾ മുകളിലാണെന്ന് കരുതുന്നു. ചുരുക്കത്തിൽ നിങ്ങളുടെ അഭിപ്രായ പ്രകാരം അഹ്മദി മുസ്ലീംങ്ങൾ നിങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഒന്നാമതായി പ്രവർത്തിക്കണം. ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫയെ പിന്തുടരുന്നത് നിർത്തുകയും വേണം. ഈ മൗലാനായോട് എനിക്ക് ചോദിക്കുവാനുള്ളത് മലക്ക് ജിബ്രീൽ നിങ്ങളെ സിദ്റത്തുൽ മുൻതഹായിലേക്ക് കൂട്ടികൊണ്ട് പോയോ ? അവിടെ നിന്നും അല്ലാഹുവിന്റെ അടുക്കലേയ്ക്കും കൊണ്ടുപോയോ ? ഈ വിഡ്ഢിത്തരങ്ങൾ എവിടെ നിന്നു കിട്ടി ? സാധാരണ അഹ്മദികൾ അയാളെ ഭയപ്പെടണം. വരാൻ പോകുന്ന മരണത്തെപറ്റി പറഞ്ഞു പരത്തി ഭയപ്പെടുത്തുകയാണോ ? അയാൾക്ക് സ്വയം പറയാൻ കഴിയുമോ താൻ എപ്പോഴാണ് മരിക്കുന്നതെന്ന് ? അല്ലെങ്കിൽ ഭൂമിയിൽ എത്രകാലം ജീവിക്കുമെന്ന് പറയാമോ ? അല്ലെങ്കിൽ ഹസ്രത്ത് ഈസാ (അ) ശാരീരികമായി തന്നെ സ്വർഗ്ഗത്തിലേയ്ക്ക് പോയി എന്ന് മറ്റുള്ളവർ വിശ്വസിക്കുന്നതുപോലെ, " താങ്കൾ എപ്പോഴാണ് സ്വർഗ്ഗാരോഹണം നടത്തുന്നതെന്ന് പറയാമോ ? " അല്ല, താങ്കൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ അല്ലാഹുവിൽ നിന്നും വല്ല പ്രത്യേക ഉറപ്പും ലഭിച്ചുവോ ?

ഈ നൂറ്റാണ്ടിൽ, അല്ലാഹുവിന്റെ സന്ദേശം ശ്രദ്ധിക്കുന്നതിന് ബഹുമാന്യരായ കേരളാ അഹ്മദി മുസ്ലീംങ്ങൾക്ക് ബുദ്ധിമുട്ടില്ലെങ്കിലും, ഈ മൗലാനാ, സാധ്യമായ എല്ലാ കൗശലങ്ങളും പ്രയോഗിക്കുകയാണ്. അവരുടെ മനസ്സിൽ ഭയപ്പാട് സൃഷ്ടിക്കുന്നതിന് ശ്രമിക്കുകയാണ്. അതുപോലെ ഈ വിനീത ദൂതനിൽ വിശ്വസിച്ചാൽ, മനുഷ്യ നിർമ്മിതമായ ഖിലാഫത്ത് വ്യവസ്ഥ അംഗീകരിക്കാതിരുന്നാൽ, അവർക്കും അവരുടെ മക്കൾക്കും ശാപ മരണമുണ്ടാകുമെന്ന് പറഞ്ഞ് ഭയപ്പെടുത്തുകയാണ്.

ഈ പൈശാചിക സ്ഥിതി വിശേഷം ഇന്നത്തെ മാത്രം കാര്യമല്ല. ഇത്തരത്തിലുള്ള മോശമായ ആക്രമണങ്ങൾ കഴിഞ്ഞു കടന്ന പ്രവാചകന്മാരും അനുയായികളും അഭിമുഖീകരിച്ചിട്ടുണ്ട്. സത്യത്തിന്റെ എതിരാളികൾ, അഥവാ അധർമ്മികൾ എന്നും ഒരാളുടെ മരണം ദൈവീക ശിക്ഷയാണ് എന്ന് പറയാനും പ്രചരിപ്പിക്കാനും ധൃതി കാണിക്കുന്നവരാണ്. കാരണം അവൻ അല്ലെങ്കിൽ അവന്റെ മാതാപിതാക്കൾ ദൈവ ദൂതനെ അംഗീകരിച്ചതുകൊണ്ടാണ് ഈ ശിക്ഷ ഉണ്ടായതെന്ന് പറഞ്ഞു നടക്കുന്നു. 2003 ൽ മൗറിഷ്യസിൽ ഇത്തരം ഒരു അനുഭവം ഉണ്ടായി. എന്റെ ഊർജ്ജ സ്വലനായ വിശ്വസ്ത അനുയായി സയ്യിദ് അഹ്മദ് (യുവ മുത്തായ, ദൈവീക അനുഗ്രഹങ്ങളെ എന്നും അന്വേഷിക്കുവാൻ തത്പരനായ, എല്ലാ സൗഭാഗ്യങ്ങളും ഉപേക്ഷിച്ച്, ഞാൻ പോകുന്ന സ്ഥലത്തെല്ലാം എന്നെ പിന്തുടർന്നിരുന്നതു മൂലം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ (എനിക്കു ലഭിക്കുന്ന ദൈവീക വെളിപാടുകൾ) കരസ്ഥമാക്കാൻ ശ്രമിച്ചിരുന്ന ) മരിച്ചു. അദ്ദേഹത്തിനു 22 വയസ്സ് പ്രായമായിരുന്നു ഈ വിനീതന്റെ സത്യത സംബന്ധിച്ച് ഒരിക്കൽ അദ്ദേഹത്തിനു അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ ദൃഷ്ടാന്തം ലഭിക്കുകയുണ്ടായി. വിശ്രമ സമയങ്ങളിൽ പോലും ദീനി സേവനത്തിനായി പോകുമായിരുന്നു. അദ്ദേഹം മരണപ്പെട്ടപ്പോൾ, ഈ പറയപ്പെട്ട അഹ്മദി മുസ്ലീംങ്ങളുടെ ദുഷ്ട നാവുകൾ, അദ്ദേഹത്തിന്റെ അടുത്ത രക്ത ബന്ധത്തിൽപ്പെട്ടവരും, പറയാൻ മടിച്ചില്ല, അതായത് ഈ മരണം നിശ്ചയമായും അദ്ദേഹത്തിന്റെ ആദരണീയായ മാതാവിന് ഭയാനകമായ ആഘാതം തന്നെയാണ്. കാരണം അവർ (അദ്ദേഹത്തിന്റെ മാതാവ്) ഈ വിനീതനിൽ വിശ്വസിച്ചിരുന്നു. ഈ വിനീതനിൽ അവനും അവന്റെ കുടുംബവും വിശ്വസിച്ചില്ലായിരുന്നെങ്കിൽ ആ കുട്ടി മരണപ്പെടുമായിരുന്നില്ല.

കേരളത്തിൽ ഈ പറയപ്പെട്ട മൗലവി ഭൂമിയിൽ ദൈവം ചമയുകയാണ്. മൂസാ (അ) യുടെ കാലത്ത് ഫിർ ഔൻ ദൈവം ചമഞ്ഞതുപോലെ, ഫിർ ഔൻ കൽപിച്ചു " എല്ലാ ആൺകുട്ടികളേയും കൊല്ലുക." എന്ന്. അതുപോലെ ഈ നുറ്റാണ്ടിലെ ദൈവദൂതനെ വിശ്വസിച്ചവരുടെ മക്കളെല്ലാം ശാപ മരണത്തിൽ ആകുമെന്ന് പ്രവചിക്കുകയാണ് ഈ മൗലാനാ – അല്ല, ഈ മൗലാനായ്ക്ക് സർ സഫറുല്ലാഖാൻ (റ.അ) ന്റെ മാതാവിന്റെ ജീവിതം അറിയില്ലേ ? അവരുടെ അടുക്കൽ ഒരു ദുർമന്ത്രവാദിനി വന്നു (അവരുടെ ഈ മകന്റെ ജനനത്തിനു മുൻപ്) എന്നിട്ട് അവരോടു പറഞ്ഞു പുതുതായി ജനിച്ച കുട്ടിയെ എനിക്ക് തരുക എന്നാൽ അവർ പാടെ നിരസിച്ചു ആ ദുർമന്ത്രവാദിനി അവരോടു പറഞ്ഞു നിന്റെ കുട്ടി മരണപ്പെടുമെന്ന് അത് അങ്ങനെ തന്നെ സംഭവിച്ചു. ആ കുട്ടി മരണപ്പെട്ടു എന്നാൽ സർ സഫറുല്ലാഖാൻ (റ.അ) ന്റെ മാതാവിന് അല്ലാഹുവിലുള്ള വിശ്വാസത്തിനു ഒരൽപ്പം ഇളക്കവും തട്ടിക്കാനായില്ല. അവർ അല്ലാഹുവിനോടൊപ്പം ഉറച്ചു നിന്നു അല്ലാഹുവിൽ വിശ്വാസം അർപ്പിച്ചു. അവർ പ്രസവിച്ച പല കുട്ടുകളും മരണപ്പെട്ടു ദുർമന്ത്രവാദിനിയുടെ കളി തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ അല്ലാഹുവിന്റെ ദൂതൻ (വാഗ്ദത്ത മസീഹ്(അ))

ഈ സ്വാത്വികയായ സ്ത്രീയെ സംരക്ഷിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ തിരുമുമ്പിൽ അർത്ഥന നടത്തുകയും, അങ്ങനെ മസീഹിന്റെ പ്രാർത്ഥന അല്ലാഹുവിന്റെ സന്നിധിയിൽ എത്തിയപ്പോൾ ദുർമന്ത്രവാദിനിയുടെ ശ്രമം വ്യഥാവിലായി. അങ്ങനെ സർസഫറുല്ലാഖാൻ (റ.അ) ഭൂജാതനായി. അങ്ങനെ അദ്ദേഹം അത്തരത്തിലുള്ള ഒരു കുട്ടിയായി തീരുകയും, പിന്നീട് ഇസ്ലാമിന്റെ അന്തസ്സിനു കാരണമായി തീർന്ന വ്യക്തിത്വത്തിനു ഉടമയാവുകയും ചെയ്തു. അതുപോലെ ഈ പറയപ്പെട്ട കേരളത്തിലെ മൗലവി വാഗ്ദത്ത മസീഹിന്റെ കാലത്തെ ദുർമന്ത്രവാദിനിയായി പുനരവതരിച്ചിരിക്കുകയാണ്. ഇയാൾ എന്താണ് മനസ്സിലാക്കിയിരിക്കുന്നത് ? എന്റെ അനുയായികളുടെ ഹൃദയങ്ങളിൽ ഭയം ഇടാൻ ഏതു രീതിയിൽ ശ്രമിച്ചാലും, എന്നിൽ ആത്മാർത്ഥത ഉള്ളവരുടെ മേൽ ഒരു ചലനവും സൃഷ്ടിക്കുവാൻ ഇയാൾക്കാവില്ല. പിന്നീടുള്ളത് (ലോകത്തെമ്പാടുമുള്ള എന്റെ ആത്മാർത്ഥ അനുയായികൾ അത് ഇപ്പോഴുള്ളതാണെങ്കിലും അതല്ല ഭാവിയിലുള്ളതാണെങ്കിലും ) അവർ ഇസ്ലാമിന്റെ ഭാവിയിലെ വിജയ വാഗ്ദാനങ്ങളാണ്. അല്ലാഹുവിന്റെ യഥാർത്ഥ പടയാളികൾ ഇത്തരത്തിലുള്ള ഭീഷണിയുടെ മുമ്പിൽ ചാഞ്ചാടുന്നവരല്ല. അല്ലാഹുവിനോടും അവന്റെ ദൂതനോടുമൊപ്പം അവർ തന്നെയായിരിക്കും വിജയികൾ. ഇൻശാ അല്ലാഹ്.

**എന്നെപറ്റിയും കേരളത്തിലെ (ഇന്ത്യ) എന്റെ അനുയായികളെപറ്റിയും പറഞ്ഞ അപവാദ കാര്യങ്ങൾ സംബന്ധിച്ച് ഈ പറയപ്പെട്ട മൗലവി, അതായത് മൗലവി മുഹമ്മദ് ഇസ്മായിൽ H.A. യെ (കേരളത്തിലെ സീനിയർ അഹ്മദി മുബല്ലിഗ്) മുന്നോട്ടു വരുവാനും ഒരു തുറന്ന പ്രാർത്ഥനാ സമരത്തിൽ (മുബാഹലാ)പങ്കെടുക്കുവാനും ഞാൻ ഇതിനാൽ ക്ഷണിക്കുകയാണ്. ഔദ്യോഗികമായി അദ്ദേഹം മുന്നോട്ടു വരട്ടെ, ഔദ്യോഗികമായി അദ്ദേഹം പ്രഖ്യാപിക്കട്ടെ, എന്റെ മുബാഹലാ ആഹ്വാനം അദ്ദേഹം സ്വീകരിച്ചിരിക്കുന്നു എന്നു. (അങ്ങനെയായാൽ ലോകത്തിനു ബോധ്യമാകും ; അഹ്മദികൾക്കു ബോധ്യമാകും ; മാത്രമല്ല അദ്ദേഹത്തിന്റെ ഖലീഫയ്ക്കും ബോധ്യമാകും ആരാണ് യഥാർത്ഥ കള്ളവാദി എന്ന് ? ഞാൻ അദ്ദേഹത്തിന്റെ മറുപടിയ്ക്കായി കാത്തിരിക്കുക്കയാണ്. ഈ തുറന്ന പ്രാർത്ഥനാ സമരത്തിനായി (മുബാഹലക്കായി) ഞാൻ അദ്ദേഹത്തെ വെല്ലു വിളിക്കുകയാണ്. അപ്രകാരം ചെയ്താൽ ഒരു വർഷത്തിനകം നമ്മിൽ കള്ളം പറയുന്നവരാരാണോ അവർ വ്യക്തമായും പരാജയപ്പെടുകയും, മരണപ്പെടുകയും ചെയ്യുന്നതാണ്. അതിനാൽ അദ്ദേഹം ഔദ്യോഗികമായി മുന്നോട്ടു വരട്ടെ എന്നിട്ട് ഈ ഔദ്യോഗിക മുബാഹലയിൽ അദ്ദേഹം ഒപ്പിടട്ടേ 2011 മാർച്ച് 11 ന് ഞാൻ ചെയ്ത വെള്ളിയാഴ്ച ഖുത്ത്ബയുടെ ഭാഗമായി ഞാൻ ഈ മുബാഹല ചേർത്തിരിക്കുകയാണ്. അദ്ദേഹം (മൗലവിമുഹമ്മദ് ഇസ്മായിൽ H.A.) ഈ മുബാഹല അംഗീകരിക്കുകയും ഔദ്യോഗികമായി ഒപ്പിടുകയും തീയതിയും സമയവും നൽകുകയും ചെയ്താൽ ഉടൻ തന്നെ ഈ മുബാഹല പ്രാബല്യത്തിൽ വരുന്നതാണ്. അദ്ദേഹം ഈ മുബാഹലാ വെല്ലുവിളി സ്വീകരിച്ച് ഒപ്പിട്ടാൽ ഉടൻ തന്നെ ഞാനും ഒപ്പിട്ടു തീയതിയും സമയവും വച്ച് രേഖയാക്കാവുന്നതാണ്. ഇൻശാ അല്ലാഹ്**

**വിശുദ്ധ ഖുർആൻ അദ്ധ്യായം 3 ൽ 61-ാം വചനത്തിൽ അല്ലാഹു (ത) പറഞ്ഞതുപോലെ. " നിനക്ക് (ദൈവീക) ജ്ഞാനം വന്നു കിട്ടിയ ശേഷം തൽ സംബന്ധമായി ആരെങ്കിലും നിന്നോടു തർക്കിക്കുന്നതായാൽ (അവരോടു) പറയുക : വരൂ, ഞങ്ങളുടെ സന്താനങ്ങളേയും, നിങ്ങളുടെ സന്താനങ്ങളേയും, ഞങ്ങളുടെ സ്ത്രീകളേയും, നിങ്ങളുടെ സ്ത്രീകളേയും, ഞങ്ങളുടെ ആളുകളേയും നിങ്ങളുടെ ആളുകളേയും നമുക്ക് വിളിക്കാം. എന്നിട്ട്, ' അല്ലാഹുവിന്റെ ശാപം കള്ളം പറയുന്നവരുടെ മേൽ ഉണ്ടാകട്ടെ' എന്ന് നമുക്ക് ഉള്ളഴിഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യാം."**

**നമുക്ക് ഒത്തൊരുമിച്ച് അല്ലാഹുവിന്റെ മുന്നിൽ താണുവീണപേക്ഷിക്കാം, അല്ലയോ എന്റെ സൃഷ്ടാവേ! ഞങ്ങളിൽ ആരാണ് കള്ളം പറയുന്നതെന്നും വഞ്ചന നടത്തുന്നതെന്നും നീ അറിയുന്നു. അതിനാൽ ഒരു വർഷത്തിനകം നിന്റെ ശാപം ഞങ്ങളിൽ കള്ളം പറയുന്നവരുടെ മേൽ ഇറക്കേണമേ ! കള്ളം പറയുന്നവരെ അപമാനവും നിന്ദയും കൊണ്ടു ആവരണം ചെയ്യണമേ ! നിന്റെ ശിക്ഷയുടേയും കോപത്തിന്റേയും പ്രകടനം നീ കാണിക്കേണമേ ! അവനെ ശിക്ഷിക്കുക, അവനെ പ്രഹരിക്കുക, അവനെ ബുദ്ധിമുട്ടിക്കുക അങ്ങനെ അവനു വന്നിരിക്കുന്ന ദൗർഭാഗ്യാവസ്ഥ മനുഷ്യരിൽ നിന്നും വന്നതല്ലായെന്നും, സർവ്വശക്തനായ നിന്റെ ഭാഗത്തു നിന്നുള്ളതാണെന്നും, ഈ അത്ഭുത ദൃഷ്ടാന്തങ്ങളെല്ലാം യോഗ്യതാ യോഗ്യതകളുടെ ഗണനയനുസരിച്ച് നീ നൽകിയതാണെന്നും അറിയത്തക്ക നിലയിൽ ശിക്ഷിക്കേണമേ !**

ഞാൻ വ്യക്തിപരമായ നിലയിൽ ഈ പ്രാർത്ഥനയും സമർപ്പിക്കുന്നു. " അല്ലാഹുവേ ! കള്ളം പറയുന്നവനെ നീ ശിക്ഷിക്കേണമേ ! **ഈ പറയപ്പെട്ട മൗലാനാ മുഹമ്മദ് ഇസ്മായിൽ H.A (സീനിയർ മുബല്ലിഗ് അഹ്മദിയ്യാ മുസ്ലീം ജമാഅത്ത് കേരളാ)**" നിന്റെ ഈ നൂറ്റാണ്ടിലെ വിനീത ദൂതൻ നിന്റെ മുനീർ അഹ്മദ് അസീമിനെതിരിൽ ഇല്ലാത്ത കാര്യങ്ങൾ കെട്ടിച്ചമച്ചു പരത്തുകയാണ്. അല്ലയോ അല്ലാഹുവേ നിന്റെ ദാസന്മാരെ നേർ പന്ഥാവിൽ നിന്നും തെറ്റിക്കുന്ന ഈ പറയപ്പെട്ട മൗലാനയുടെ പരാജയത്തിലൂടെ നിന്റെ വിനീത ദൂതന്റെ സത്യത ലോകത്തിനു മുമ്പാകെ നീ കാണിക്കേണമേ ! **അല്ലാഹുവേ ! എന്റെ പ്രതീക്ഷ നിന്നിലാണ്. നിന്നിലൂടെയാണ് സത്യം പ്രകടമാവുന്നത്. പ്രാർത്ഥന സ്വീകരിച്ചാലും നാഥാ !**

**എന്ന്**

**മുനീർ അഹ്മദ് അസീം**

**മൗറീഷ്യസ്** **ഹസ്രത് ഖലീഫത്തുല്ല അൽ മസീഹിൽ മൗഊദ്**

11.03.2011

*Munir Ahmad Azim*

*Hazrat Khalifathulla Al Massih Al Ma'oud*

*Translated by:*

*R. Jamaluddin Raother*
*Amir Jamaat Ul Sahih Al Islam*
*Kerala (Reg. No. A693/2010)*
*Phone: 9447001832 / 0475 2252530*
*E-mail: jamal.raother@gmail.com*

## ~ OFFICIAL LETTER OF CONDOLENCES FROM THE KHALIFATHUL MASSIH V (AHMADIYYA MUSLIM COMMUNITY) SENT ON THE DEATH OF FOUSE JAMAL SAHIB OF KERALA ~


MIRZA MASROOR AHMAD
HEAD OF THE AHMADIYYA COMMUNITY
IN ISLAM


بسم الله الرحمن الرحيم
نحمده و نصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

Baitul Fazl
London
26th Jan. 2008
MBE/100

Dear Fazil Jamal Sahib,

السلام عليكم ورحمة الله وبركاته

I was saddened to know that your brother Fouse Jamal passed away in November 2007 in Kerala. انالله وانا اليه راجعون

May Allah grant your brother's soul a high and lofty place in the bliss of Heaven and enable you and your family to overcome this loss with patience and fortitude. Ameen.

Your brother wrote regularly and had strong affiliation with the Khilafat. This was apparent from his letters and contact with both Hadhrat Khalifatul Masih IV and me. May Allah raise his status in the Heaven under His infinite grace. Ameen.

Wassalam.

Yours sincerely,

**MIRZA MASROOR AHMAD**
Khalifatul Masih V

Fazil Jamal
USA